**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 732** **11-06-2024 - ൽ മറുപടിയ്ക്ക്**

**സോളാർ ഓൺഗ്രിഡ് കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഓൺഗ്രിഡ് സോളാർ പദ്ധതി പ്രകാരം ഉപഭോക്താക്കൾ ലഭ്യമാക്കുന്ന വൈദ്യുതിക്ക് മീറ്റർ റീഡിംഗ് പ്രകാരം യഥാർത്ഥ തുക ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉപഭോക്താക്കൾക്ക് യഥാർത്ഥ വില ലഭ്യമാക്കി സോളാർ പദ്ധതി സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിച്ച് വൈദ്യുതി പ്രതിസന്ധി നേരിടാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 23.02.2023-ലെ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ ഗ്രിഡിൽ നിന്നും ഉപയോഗിച്ച വൈദ്യുതിയേക്കാൾ അധികമായി ഗ്രിഡിലേയ്ക്ക് നൽകിയ വൈദ്യുതിയ്ക്ക് യൂണിറ്റ് ഒന്നിന് 2.69 രൂപയാണ് നൽകിയത്. 2023-24-ലെ നിരക്ക് സംബന്ധിച്ച ഉത്തരവ് റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് സോളാർ ഉപഭോക്താക്കൾക്ക് ഉടൻ തന്നെ തുക നൽകുന്നതായിരിക്കും. |
| (ബി) | ഓൺഗ്രിഡ് കണക്ഷൻ ലഭ്യമാക്കുമ്പോൾ സമയബന്ധിതമായി മീറ്ററുകൾ സ്ഥാപിക്കാത്തത് കാരണം കണക്ഷൻ ഓൺഗ്രിഡ് ആക്കാൻ പറ്റാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി മീറ്ററുകൾ ലഭ്യമാക്കി സോളാർ പദ്ധതി തടസ്സം കൂടാതെ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | സോളാർ പ്ലാന്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ മീറ്റർ കെ. എസ്. ഇ. ബി. എൽ. വാടകയ്ക്ക് നൽകുകയോ, ഉപഭോക്താവിന് സ്വന്തമായി വാങ്ങി നല്കാവുന്നതോ ആണ്. കെ. എസ്. ഇ. ബി. എൽ. നെറ്റ് മീറ്റർ വാങ്ങുന്നത് ടെൻഡർ നടപടി ക്രമങ്ങളിലൂടെയാണ്. ഇപ്പോൾ കെ. എസ്. ഇ. ബി. എൽ. - ൽ നെറ്റ് മീറ്റർ ആവശ്യത്തിന് ലഭ്യമാണ്. തുടർന്നും ആവശ്യത്തിന് മീറ്റർ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ